**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with ‘A+’Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

**തീയതി : 30.07.2026**

**പ്രസിദ്ധീകരണത്തിന്**

# സംസ്കൃത സർവകലാശാലയിൽ ബി. എ. ഒഴിവുകൾ ; സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് ഒന്ന് മുതൽ

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ വിവിധ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുകളുണ്ട്. ബി. എ. ഭരതനാട്യം, ബി. എ. മോഹിനിയാട്ടം എന്നീ പ്രോഗ്രാമുകളിൽ എസ്. ടി. വിഭാഗത്തിലാണ് ഒഴിവുകൾ ഉള്ളത്. ഈ ഒഴിവുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് ഒന്നിന് രാവിലെ 10.30 ന് നടക്കും. ബി. എ. മ്യൂസിക് പ്രോഗ്രാമിൽ എസ്. സി., എസ്. ടി., ഇ. ഡബ്ല്യു. എസ്. സംവരണ സീറ്റുകൾ ഉൾപ്പടെയുള്ള ഒഴിവുകളിലേയ്ക്ക് ഓഗസ്റ്റ് മൂന്നിന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷൻ നടക്കും. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ബി. എ. പ്രോഗ്രാമുകളിൽ സംവരണ സീറ്റുകൾ ഉൾപ്പടെയുള്ള ഒഴിവുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് മൂന്ന്, നാല് തീയതികളിൽ രാവിലെ 10 ന് നടക്കും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് പഠന വിഭാഗങ്ങളിൽ എത്തിച്ചേരണം. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075